**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6069** **09-11-2021 - ൽ മറുപടിയ്ക്ക്**

**മൃഗങ്ങളുടെ സെൻസസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം മൃഗങ്ങളുടെ സെൻസസ് ആണ് നടത്താറുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ആന, കടുവ, വരയാട് എന്നീ മൃഗങ്ങളുടെ കണക്കെടുപ്പാണ് ഇടവിട്ട വേളകളിൽ നടത്താറുള്ളത്. കടുവകളുടെ കണക്കെടുപ്പ് നടത്തുന്നതിന്റെ കൂടെ കടുവകളുടെ സഹഇരപിടിയൻമാരായ പുള്ളിപ്പുലി, കാട്ടുനായ, കരടി എന്നീ മൃഗങ്ങളുടെയും കടുവകളുടെ ഇരകളായ സസ്തനി ജീവികളായ കാട്ടുപോത്ത്, മ്ലാവ്, പുള്ളിമാൻ, കേഴമാൻ, കൂരമാൻ, കാട്ടുപന്നി മുതലായ മൃഗങ്ങളുടെയും കണക്കെടുപ്പ് നടത്താറുണ്ട്. |
| (ബി) | സംസ്ഥാനത്ത് കടുവ സെൻസസ് അവസാനമായി നടന്നത് എന്നാണെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് കടുവ സെൻസസ് അവസാനമായി നടന്നത് 2018-ലാണ്. ഇപ്പോൾ സംസ്ഥാനത്ത് കടുവ സെൻസസ് നടന്നുകൊണ്ടിരിക്കുകയാണ്. |
| (സി) | ഈ സെൻസസ് പ്രകാരം ഓരോ വന്യ ജീവി സങ്കേതങ്ങളിലും എത്ര കടുവകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് 2018-ലെ All India Tiger Census പ്രകാരം ആകെ 190 കടുവകളെയാണ് കണ്ടെത്തിയിട്ടുള്ളത്. കണക്ക് ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| പെരിയാർ കടുവാ സങ്കേതം | - | 26 |
| പറമ്പിക്കുളം കടുവാ സങ്കേതം | - | 27 |
| വയനാട് വന്യജീവി സങ്കേതം | - | 120 |
| സൈലന്റ് വാലി ദേശീയോദ്യാനം | - | 7 |
| മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷൻ | - | 7 |
| റാന്നി ഫോറസ്റ്റ് ഡിവിഷൻ | - | 1 |
| മറ്റു സ്ഥലങ്ങളിൽ | - | 2 |
| **ആകെ** | **-** | **190** |